**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1059** **06-02-2023 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴയ്ക്ക് കുറുകെ പുതിയ ഹൈ ലെവൽ ബാരേജ് റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ പുതിയ ഹൈ-ലെവൽ-ബാരേജ് റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് എം.എൽ.എ. ജലവിഭവ വകുപ്പ് മന്ത്രി, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ എന്നിവർക്ക് നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതു സംബന്ധിച്ച് ഫയൽ നമ്പരുണ്ടെങ്കിൽ ലഭ്യമാക്കുമോ; സർക്കാർ ഇക്കാര്യത്തിൽ എന്തു തീരുമാനമാണെടുക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ പുതിയ ഹൈ-ലെവൽ-ബാരേജ് റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് എം.എൽ.എ. ജലവിഭവ വകുപ്പ് മന്ത്രിയ്ക്ക് നല്കിയ കത്ത് ജലവിഭവ (എം.ഐ) വകുപ്പിലെ എം.ഐ2/33/2023/ജവിവ നമ്പർ ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | കിഫ്ബി വഴി ഇത്തരത്തിൽ ഒരു പ്രൊപ്പോസൽ നിലവിലുള്ളതിനാൽ എം.എൽ.എ.യുടെ അഭ്യർത്ഥനയിൽ തുടർനടപടികൾ വേഗത്തിലാക്കാൻ സാധിക്കുമോ; മന്ത്രിതലത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ഇതിനായി വിളിച്ചു ചേർക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; | (ബി) | ജലവിഭവ മന്ത്രിതലത്തിൽ 11.01.2023-ൽ ഈ വിഷയം ചർച്ച ചെയ്യുകയും, പ്രസ്തുത സ്ഥലവും, ഡിസൈനും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 13.01.2023-ൽ എം.എൽ.എ.യുടെ സാന്നിധ്യത്തിൽ കിഫ്ബി യിൽ വച്ച് നടന്ന ചർച്ചയിൽ പ്രസ്തുത സ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് റെഗുലേറ്ററിന്റെ ventway കൂട്ടി നിലവിലെ ഡിസൈൻ പുതുക്കി എസ്റ്റിമേറ്റ് രണ്ടു മാസത്തിനകം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. അതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി-യിൽ സ്വീകരിച്ചു വരുന്നു. |
| (സി) | 9 പഞ്ചായത്തുകളുടെ കുടിവെള്ള സ്രോതസ്സ് എന്ന പ്രാധാന്യമുള്ളതിനാൽ ഈ പദ്ധതിയുടെ വിശദമായ പഠനത്തിനായി അടിയന്തരനിർദ്ദേശം നൽകുമോ; വിശദമായ പഠനം കിഫ്ബിയും നിർദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം ഗൗരവത്തിലെടുക്കുമോ; പഠനത്തിനായി ഫണ്ട് അനുവദിക്കുമോ; | (സി) | ജലവിഭവ മന്ത്രിതലത്തിൽ 11.01.2023-ൽ ഈ വിഷയം ചർച്ച ചെയ്യുകയും, പ്രസ്തുത സ്ഥലവും, ഡിസൈനും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 13.01.2023-ൽ എം.എൽ.എ.യുടെ സാന്നിധ്യത്തിൽ കിഫ്ബി യിൽ വച്ച് നടന്ന ചർച്ചയിൽ പ്രസ്തുത സ്ഥലത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രത്യേകത കണക്കിലെടുത്ത് റെഗുലേറ്ററിന്റെ ventway കൂട്ടി നിലവിലെ ഡിസൈൻ പുതുക്കി എസ്റ്റിമേറ്റ് രണ്ടു മാസത്തിനകം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. അതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി-യിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഹൈ-ലെവൽ-ബാരേജുകൾ സംസ്ഥാനത്ത് നിലവിൽ നിർമ്മിച്ചിട്ടില്ലാത്തതിനാൽ ഉന്നതതല ഉദ്യോഗസ്ഥ സംഘത്തെ ഇത്തരം റഗുലേറ്ററുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനത്തിനും പഠനത്തിനുമയയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ജലവിഭവ മന്ത്രിതലത്തിൽ 11.01.2023-ൽ ഈ വിഷയം ചർച്ച ചെയ്യുകയും, പ്രസ്തുത സ്ഥലവും, ഡിസൈനും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 13.01.2023-ൽ എം.എൽ.എ.യുടെ സാന്നിധ്യത്തിൽ കിഫ്ബി യിൽ വച്ച് നടന്ന ചർച്ചയിൽ പ്രസ്തുത സ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് റെഗുലേറ്ററിന്റെ ventway കൂട്ടി നിലവിലെ ഡിസൈൻ പുതുക്കി എസ്റ്റിമേറ്റ് രണ്ടു മാസത്തിനകം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. അതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി-യിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ